LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായാണ് സർക്കാർ കാണുന്നത്. കൊല്ലം ജില്ലയിലെ കടമ്പാട്ടുകോണത്തുനിന്നും ആരംഭിച്ച് ചടയമംഗലം, പത്തടി, കുളത്തുപ്പുഴ, തെന്മല, ആര്യങ്കാവ്, ചെങ്കോട്ട വരെയുള്ള 58.915 കിലോമീറ്റർ ദൈർഘ്യമുള്ള ചെങ്കോട്ട-കൊല്ലം എൻ.എച്ച്. 744 നാലുവരി പാതയാക്കി വീതികൂട്ടുന്നതിനുള്ള ഗ്രീൻ ഫീൽഡ് നാഷണൽ ഹൈവേ അലൈൻമെന്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടിക്കായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർമാരെ നിയമിച്ചുകൊണ്ടുള്ള 3(എ) നോട്ടിഫിക്കേഷൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുണ്ട്. ജനവാസകേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കി അലൈൻമെന്റ് പുനർനിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് നിരവധി പരാതികൾ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം നൽകിയ നിവേദനത്തിന്റെകൂടി അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഗ്രീൻ ഫീൽഡ് ഹൈവേ റോഡ് അലൈൻമെന്റ് മാറ്റുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിക്ക് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്. അലൈൻമെന്റ് തയ്യാറാക്കുന്നത് ദേശീയ പാത അതോറിറ്റിയും അതിന്റെ ചുമതല വഹിക്കുന്നത് കേന്ദ്ര സർക്കാരുമാണ്. അതുകൊണ്ടുതന്നെ കേന്ദ്ര സർക്കാരാണ് അലൈൻമെന്റിൽ മാറ്റം വരുത്തേണ്ടത്. ബഹുമാനപ്പെട്ട അംഗത്തിന്റെയും മറ്റ് ജനപ്രതിനിധികളുടെയും പരാതികളുടെ വിശദാംശം സർക്കാർതലത്തിൽ അന്വേഷിക്കുകയും പ്രാഥമികമായി ഇക്കാര്യം ന്യായമാണെന്ന് മനസ്സിലാക്കുകയും ചെയ്തു. അതിനാൽ ഇവിടെ ഉന്നയിച്ച ആശങ്ക പരിഹരിക്കാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് തുടർനടപടികളുമായി മുന്നോട്ടുപോകുന്നതാണ്. അതോടൊപ്പം, അങ്ങിവിടെ സൂചിപ്പിച്ച ഭൂമി നഷ്ടപ്പെട്ടവരുടെ പ്രശ്നവും ഗൗരവമായ വിഷയമാണ്. ഭൂമി ഏറ്റെടുക്കേണ്ട സ്ഥലങ്ങളെ സംബന്ധിച്ച അലൈൻമെന്റിന്റെ അടിസ്ഥാനത്തിലുള്ള സർവ്വേ നടപടികൾ പരിശോധിച്ചശേഷം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ പ്രശ്നങ്ങൾ പരിഹരിച്ച് ആശങ്കയകറ്റുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുകയും ചെയ്യും.

(5) ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്ററിലെ പുതിയ കോഴ്സുകൾ

ശ്രീ. കെ. പി. മോഹനൻ: സർ, പുതിയ തലമുറയ്ക്ക് കാർഷിക മേഖലയിൽ പരിജ്ഞാനം, യന്ത്രവത്കരണം, കാർഷികവൃത്തി എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ എന്റെ

നിയോജകമണ്ഡലമായ കുത്തുപറമ്പിൽ സംസ്ഥാനത്തെ ആദ്യത്തെ ബയോ റിസോഴ്സ്-കം-അഗ്രോ സർവീസ് സെന്റർ ഏഴ് വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചു. തൊഴിൽരഹിതരും കാർഷികവൃത്തിയോട് ആഭിമുഖ്യമുള്ളവരുമായ യുവതീ-യുവാക്കൾക്കുവേണ്ടി വിവിധ ഹ്രസ്വകാല കോഴ്സുകൾ ഈ സെന്ററിന്റെ കീഴിൽ നടത്തിവരുന്നു. ഈ സ്ഥാപനത്തിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ ഫണ്ടുപയോഗിച്ച് അഞ്ചേക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് പഠിതാക്കൾക്കും പരിശീലനത്തിനെത്തുന്നവർക്കും താമസിക്കാനും പഠിക്കാനും പരിശീലനം നൽകാനുമാവശ്യമായ എല്ലാ സൗകര്യങ്ങളോടുംകൂടിയ കെട്ടിടങ്ങളും ക്ലാസ്സ്മുറികളും പരിശീലന ഗ്രൗണ്ടും സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ ഉദ്ഘാടനം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും സ്ഥാപനം പൂർണ്ണരീതിയിൽ പ്രവർത്തനസജ്ജമായിട്ടില്ല. കുത്തുപറമ്പിൽ അനുവദിച്ച കാർഷിക യൂണിവേഴ്സിറ്റിയുടെ കാർഷിക പോളിടെക്നിക് ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്ററിന്റെ പണി പൂർത്തീകരിച്ച് എത്രയുംവേഗം പ്രവർത്തനസജ്ജമാക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഭാഗികമായി പൂർത്തീകരിച്ച റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 1955-ലെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം 2014-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയംഭരണാവകാശമുള്ള സ്ഥാപനമാണ് കണ്ണൂർ ജില്ലയിലെ പാട്യം പഞ്ചായത്തിൽ ചെറുവാഞ്ചേരി വില്ലേജിൽ സ്ഥാപിതമായിട്ടുള്ള ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്റർ. കർഷകർക്കും യുവാക്കൾക്കുമായി കൃഷിയിലെയും അനുബന്ധ മേഖലകളിലെയും വിവിധ വിഷയങ്ങളിൽ തൊഴിലധിഷ്ഠിത സർട്ടിഫിക്കറ്റ് കോഴ്സുകൾ നടപ്പിലാക്കുക, കർഷകർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ച് അറിവ് പകരുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ഈ പദ്ധതിക്കായി ആദ്യഘട്ടത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ.-യിൽ ഉൾപ്പെടുത്തി 600 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയതിൽ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. കുത്തുപറമ്പിലെ ചെറുവാഞ്ചേരി വില്ലേജിൽ അക്കാദമിക് കോംപ്ലക്സ്, ഹോസ്റ്റലുകൾ എന്നിവ ചേർന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം കൃഷി വകുപ്പിനുകീഴിലുള്ള കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കി 19-2-2021-ൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ഈ സ്ഥാപനത്തിൽ 1-9-2014-ൽ അഗ്രോ പ്രോസസിംഗ് ആൻഡ് വാല്യൂ അഡീഷൻ എന്ന വിഷയത്തിലും 27-5-2015-ൽ ആനിമൽ ന്യൂട്രീഷൻ ആൻഡ് ഫീഡ് പ്ലാൻ ടെക്നോളജി എന്ന വിഷയത്തിലും സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിച്ചിരുന്നു. ഈ കോഴ്സുകളുടെ സിലബസ് രൂപീകരണം കേരള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാല എന്നിവരുമായി കൂടിയാലോചിച്ചാണ് ചെയ്തിട്ടുള്ളത്. ഇക്കാലയളവിൽ 69 വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽനിന്നും പഠിച്ചിറങ്ങിയെങ്കിലും കോഴ്സുകൾക്ക് സർവ്വകലാശാലകൾ അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ ഇവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകിയിരുന്നില്ല. കോഴ്സുകളുടെ അംഗീകാരത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സമീപിച്ചിരുന്നെങ്കിലും അഗ്രിക്കൾച്ചർ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ധർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിലവിലില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കോഴ്സ് തുടങ്ങുന്നതിന്റെ സാധുത പരിശോധിക്കാൻ ആ വകുപ്പിന് കഴിയുന്നില്ല എന്നാണറിയിച്ചത്. ഇത് പരിഹരിക്കുന്നതിനായി 13-2-2021-ലെ ജി.ഒ.(എം.എസ്.) നം.26/2021/അഗ്രി. പ്രകാരം അഗ്രോ പ്രോസസിംഗ് ആൻഡ് വാല്യൂ അഡീഷൻ രണ്ട് സെമസ്റ്റർ കോഴ്സ്, ആനിമൽ ന്യൂട്രീഷൻ ആൻഡ് ഫീഡ് പ്ലാൻ ടെക്നോളജി ഒരു സെമസ്റ്റർ കോഴ്സ് എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ ഈ സ്ഥാപനത്തിൽ നടത്താനും കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകാനും സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ കേരള കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാല എന്നിവരുടെ സഹകരണത്തോടുകൂടി കോഴ്സുകൾ ഉയർന്ന നിലവാരത്തിൽ നടത്താനും കോഴ്സുകൾക്ക് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ (ASAP) ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കാനും എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷം നിലവിലുള്ള കോഴ്സുകൾ തുടരുന്നതിനും ഈ കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. നിലവിലുള്ള കോഴ്സുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചശേഷംമാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാദ്ധ്യമാവുകയുള്ളുവെന്ന വിവരംകൂടി ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(6) പോളിടെക്നിക് കോളേജായി ഉയർത്തൽ

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മികച്ച ടെക്നിക്കൽ സ്കൂളാണ് പയ്യോളി ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ. നിലവിൽ ആറ് ബാച്ചുകളിലായി 192 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്ന ഈ സ്കൂളിന് അഞ്ചേക്കറിലധികം സ്വന്തമായി ഭൂമിയും വിശാലമായ മൈതാനവുമുണ്ട്. ഇവിടെയുള്ള വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് 40 കി.മീ ദൂരെ വെസ്റ്റ്ഹിൽ പോളിടെക്നിക് കോളേജ് മാത്രമാണ് ഏക ആശ്രയം. കടലോര മേഖലയിലെ സാധാരണക്കാരുടെ മക്കളാണ് ഇവിടെ കൂടുതലായും പഠിക്കുന്നത്.